**ചരമോപചാരം**

<u>എസ്. രാമചന്ദ്രൻ പിള്ളയുടെ നിര്യാണം</u>

<u>മി. സ്പീക്കർ</u>: മുൻ നിയമസഭാംഗം എസ്. രാമചന്ദ്രൻ പിള്ള 04–04–2013-ന് അന്തരിച്ചു.

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ കല്ലിശ്ശേരിയിൽ 1946 ജനുവരി 29-ന് എസ്. രാമചന്ദ്രൻ പിള്ള ജനിച്ചു. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ പൊതു പ്രവർത്തനരംഗത്തെത്തിയ അദ്ദേഹം 1982-ൽ എൻ.ഡി.പി പ്രതിനിധിയായി. ചെങ്ങന്നൂർ നിയോജകമണ്ഡലത്തിനിന്നും ഏഴാം കേരള നിയമസഭയിൽ അംഗമായി. നിയമസഭാംഗമെന്ന നിലയിൽ തന്റെ മണ്ഡലത്തിലെ പ്രശ്നങ്ങൾ ശക്തമായി സഭയിലവതരിപ്പിക്കുവാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

പൊതുപ്രവർത്തനത്തോടൊപ്പം പത്രപ്രവർത്തനത്തിലും തൽപ്പര നായിരുന്നു എസ് രാമചന്ദ്രൻപിള്ള. കേരള പത്രിക ദിനപ്പത്രത്തിന്റെ മാനേജിംഗ് എഡിറ്ററായി പ്രവർത്തിച്ചിട്ടുണ്ട്. ആറൻമുള പള്ളിയോട സേവാ സംഘം വൈസ് പ്രസിഡന്റ്, തിരുവൻവണ്ടൂർ ഗോശാലകൃഷ്ണ സേവാ സംഘം പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ച അദ്ദേഹം എൻ.എസ്. എസ്. പ്രതിനിധിസഭാംഗം, ഡി.സി.സി എക്സിക്യൂട്ടീവ് അംഗം, കെ.പി. സി.സി അംഗം, ഉമയാറ്റുകര എൻ.എസ്.എസ് കരയോഗം പ്രസിഡന്റ് എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.

എസ്. രാമചന്ദ്രൻ പിള്ളയുടെ നിര്യാണത്തോടെ മികച്ച പൊതു പ്രവർത്തകനേയും കഴിവുറ്റ ഒരു സംഘാടകനേയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്. അന്തരിച്ച മഹത്‌വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പനേരം എഴുന്നേറ്റ് നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)